**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.413**
**08.08.2017 ലെ മറുപടിക്ക്**

**<u>നബാർഡ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ</u>**

| ചോദ്യം: ശ്രീ.ഡി.കെ.മുരളി | | ഉത്തരം: ശ്രീ.ടി.എം.തോമസ് ഐസക്ക് (ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | വിശദമായ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | നബാർഡ് ഫണ്ട് ഉപയോഗിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ? | നബാർഡ് ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി പദ്ധതികൾ സമർപ്പിക്കുന്നതിന് സാമ്പത്തിക വർഷത്തിന്റെ ആദ്യം ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേരുന്ന സംസ്ഥാനതല ഉന്നതാധികാര സമിതി (SLEC) യോഗത്തിൽ വിവിധ വകുപ്പുകൾക്ക് സെക്ടറൽ അലോക്കേഷൻ അനുവദിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വകുപ്പുകളിൽ നിന്നും ധനകാര്യ വകുപ്പിലേക്ക് ശിപാർശ ചെയ്യുന്ന പദ്ധതി റിപ്പോർട്ടുകൾ പ്രാഥമിക പരിശോധനകൾക്ക് ശേഷം ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നബാർഡിലേക്ക് ശിപാർശ ചെയ്യുന്നു. നബാർഡ് പദ്ധതികൾക്ക് അംഗീകാരം നൽകിയ ശേഷം ഭരണ വകുപ്പുകൾ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നു. പദ്ധതികളുടെ ടെണ്ടറിങ് നടപടികൾ പൂർത്തിയായതിനുശേഷം പദ്ധതി നിർവ്വഹണ പുരോഗതി അനുസരിച്ച് ചെലവ് തുകയുടെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെടുന്ന റീഇംബേഴ്സ്മെന്റ് ക്ലയിമിൻമേൽ നബാർഡിൽ നിന്നും വായ്പ ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

| വകുപ്പ് | പദ്ധതി |
|---|---|
| മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് | വാമനപുരം ബ്ലോക്കിലെ പാങ്ങോട് പഞ്ചായത്തിൽ ഉൾപ്പെട്ട വലിയവയൽ നീർത്തടത്തിലെ പദ്ധതി പ്രവർത്തങ്ങൾക്ക് ആർ.ഐ.ഡി.എഫ് 22-ൽ ഉൾപ്പെടുത്തി 25.11.2016-ലെ കൃഷി (ഐ.എഫ്.എ) വകുപ്പിന്റെ ജി.ഒ.(ആർ.റ്റി) നം.987/2016/അഗ്രി ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 160 ലക്ഷം രൂപ അടങ്കലായുള്ള പദ്ധതിയിലൂടെ 450 ഹെക്ടർ പ്രദേശത്ത് മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. പദ്ധതി പ്രവർത്തങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. |
| കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | വാമനപുരം നിയോജകമണ്ഡലം ഉൾപ്പെടുന്ന പെരിങ്ങമലയിലെ സർക്കാർ ഫാമുകളിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് ആർ.ഐ.ഡി.എഫ് XXII സ്കീമിൽ ഉൾപ്പെടുത്തി ഫാം അടിസ്ഥാന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. |